# "THE PATH OF DEVOTION IN KUNCHELAVRTTAM : A THEMATIC ANALYSIS OF BHAKTI TRADITION"

PROJECT CODE : **BH6BP02B18**

Project Report Submitted in Partial Fulfillment for the Award Of Degree of Bachelor of Arts in BHARTHANATYAM of Mahatma Gandhi University


Done BY

SANJANA S

REG NO : SB22BHA003

Guided By

MS ARUNIMA J.R


MARCH 2025


DEPARTMENT OF BHARATHANATYAM

ST. TERESA'S COLLEGE (AUTONOMOUS), ERNAKULAM, PIN-682011

AFFILIATED TO MG UNIVERSITY, KOTTAYAM

ST. TERESA'S COLLEGE (AUTONOMOUS),ERNAKULAM, PIN-682011

AFFILIATED TO MAHATMA GANDHI UNIVERSITY

DEPARTMENT OF BHARATHANATYAM

## CERTIFICATE

This is to certify that the thesis entitled "THE PATH OF DEVOTION IN KUNCHELAVRTTAM: A THEMATIC ANALYSIS OF BHAKTI TRADITION" is a Bonafied record of the project (BH6BP02B18) done by Sanjana S (SB22BHA003) under our guidance towards partial fulfilment of the requirements for the award of the degree of the bachelor of arts in Bharathanatyam of the University of Mahatma Gandhi during the year of 2025

MS . ARUNIMA J.R

Assistant professor

Department of Bharathanatyam

(Guide and project coordinator)

DR BEENA D

(Head of the department)

EXTERNAL EXAMINER

# DECLARATION

I hereby declare that this project report titled "THE PATH OF DEVOTION IN KUNCHELAVRTTAM: A THEMATIC ANALYSIS OF BHAKTI TRADITION" submitted to the Department of Bharatanatyam. ST.TERES'S COLLEGE (Autonomous), Ernakulam, affiliated to MG University, Kottayam is a record of original work done by me under the guidance of Ms.Arunima J.R

The information and data given in the report is authentic to the best of my knowledge.

This project report is not submitted to any other University or institution for the award of any Degree, Diploma or Fellowship.

24th April 2025 SANJANA S

ERNAKULAM

# ACKNOWLEDGEMENT

I want to start by giving God the Almighty my sincere gratitude for all of the blessings I have received throughout my life and for helping me get to where I am now.

I want to express my sincere gratitude to Dr.Beena D, Head of the department,

St.Teresa's college, for providing all the assistance necessary to the accomplishment of the project.

I want to express Ms.Arunima JR my sincere gratitude, Associate professor of Bharatanatyam, for her tremendous assistance and the insightful advice during the project's planning.

I would like to extend my heartfelt gratude to Sri.Chandrakumar P.L Assistant professor, Sri.Suresh kumar C.K Assistant professor, Smt.Ria VR Assistant professor, Smt.Drishya P.P Assistant professor and Smt.Pooja Balamurali Assistant Professor (department of Bharatanatyam) for their valuable assistance.

Many thanks to my family, friends and classmates for their valuable support and assistance.

SANJANA S

# INDEX


| ക്രമ നമ്പർ | | വിഷയം | പേജ് നമ്പർ |
|---|---|---|---|
| 1 | | ആമുഖം | 6-7 |
| 2 | | കാവ്യത്തിൻ്റെ ആമുഖം | 8-10 |
| | 2.1 | എന്താണ് അത് | |
| | 2.2 | ആധാരം | |
| | 2.3 | രചയിതാവ് | |
| | 2.4 | ഉത്ഭവം | |
| | 2.5 | വഞ്ചിപ്പാട്ട് | |
| | 2.6 | പ്രാധാന്യം | |
| | 2.7 | മറ്റ് പേരുകൾ | |
| 3 | | രാമപുരത്ത് വാര്യർ | 11-13 |
| | 3.1 | ജീവചരിത്രം | |
| | 3.2 | ജനനം : സി 1703<br>മരണം : ഏകദേശം 1753 | |
| 4 | | കാവ്യത്തിൻ്റെ സംഗ്രഹം | 14-26 |
| 5 | | ഭക്തി മാർഗ്ഗങ്ങൾ | 27-30 |
| | 5.1 | എന്താണ് മാർഗ്ഗം | |
| | 5.2 | ദാസ മാർഗ്ഗം | |
| | 5.3 | സത്പുത്ര മാർഗ്ഗം | |
| | 5.4 | സന്മാർഗം | |
| | 5.5 | സഗ മാർഗ്ഗം | |
| 6 | | കുചേലവൃത്തം സഗമാർഗ്ഗം താരതമ്യം | 31-33 |
| 7 | | ഉപസംഗ്രഹം | 34-35 |
| 8 | | ഗ്രന്ഥസൂചിക | 36 |

# 1.ആമുഖം

രാമപുരത്ത് വാര്യർ എഴുതിയതാണ് കുചേലവൃത്തം വഞ്ചിപ്പാട്ട് . കൃഷ്ണനെയും കുചേലനെയും പറ്റി വഞ്ചിപ്പാട്ട് രൂപേണ പാടുന്നതാണ് രാമപുരത്ത് വാര്യർ എഴുതിയിരിക്കുന്നത് . ഇത് മാർത്താണ്ഡവർമ്മയുടെ നിർദേശ പ്രകാരമാണ് ഈ കൃതി രചിച്ചിരിക്കുന്നത് . കുചേലവൃത്തം വഞ്ചിപ്പാട്ട് എന്ന ഒരെറ്റ കാവ്യം കൊണ്ട് തന്നെ വളരെ പ്രസിദ്ധനായാതാണ് അദ്ദേഹം . കൃഷ്ണൻ്റെയും കുചേലൻ്റെയും സൗഹൃദത്തെ പറ്റിയാണ് കൂടുതൽ പറയുന്നത് . കൃഷ്ണൻ ഒരു  രാജാവായിരുന്നപ്പോൾ കുചേലൻ വളരെ ദാരിദ്ര്യനും ദയനീയ അവസ്ഥയിൽ കൃഷ്ണനെ കാണാൻ പോയതിനെ പറ്റിയും, ഗുരുകുല സമ്പ്രദായം മുതൽ ഒറ്റ സുഹൃത്ത് എല്ലാത്തിനും കൂടെ ഉണ്ടായിരുന്നു എന്ന് എല്ലാം ആണ് രാമപുരത്ത് വാര്യർ ഇതിൽ വർണ്ണിക്കുന്നത് . ഇതിൽ കൃഷ്ണന്റെയും കുചേലൻ്റെയും സൗഹൃദത്തെ പറ്റി നൃത്തരൂപത്തിൽ പ്രകടനങ്ങൾ സൃഷ്ടിക്കാൻ നർത്തകർക്ക് വളരെയധികം സഹായകരമാകും .

ഞാൻ എന്തുകൊണ്ടാണ് രാമപുരത്ത് വാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ട് തെരഞ്ഞെടുത്തു എന്ന് വെച്ചാൽ ഈ കാവ്യത്തിൽ മുഴുനീളം കവി പരാമർശിക്കുന്നത് കൃഷ്ണന്റെയും കുചേലന്റെയും സൗഹൃദമാണ് . ഇവരുടെ സൗഹൃദത്തിൽ കുചേലൻ ദൈവത്തിന് തുല്യമായിട്ടാണ് കൃഷ്ണനെ കാണുന്നത് . അങ്ങനെ നോക്കുമ്പോൾ ഭക്തിപ്രസ്ഥാനത്തിൽ ദൈവത്തിനും ഭക്തനും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന പേരാണ് മാർഗം. ആ മാർഗ്ഗത്തെ നാലായി തിരിച്ചിട്ടുണ്ട് . അതിൽ ഒരു മാർഗ്ഗമാണ് സഗ മാർഗം . ആ മാർഗ്ഗത്തിൽ ദൈവത്തെ സുഹൃത്തായാണ് കാണുന്നത് . അതിൽ എല്ലാ സ്വഭാവം

ഗുണങ്ങളും കുചേലവൃത്ത വഞ്ചിപ്പാട്ടിൽ വളരെ അധികം ബന്ധപ്പെട്ടിരിക്കുന്നു. അങ്ങനെ ചിന്തിക്കുമ്പോൾ ഭക്തിപ്രസ്ഥാനത്തിലെ ഈ നാല് മാർഗ്ഗത്തിലെ ഒരു മാർഗമാണ് സഗ മാർഗം . അത് എന്തുകൊണ്ടും ഉചിതമാണെന്ന് തന്നെയാണ് എൻ്റെ കാഴ്ചപ്പാട്

രാമപുരത്ത് വാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ടിലെ കഥാപാത്രമായ  കൃഷ്ണന്റെയും കുചേലയും സൗഹൃദം ഭക്തിമാർഗ്ഗത്തിലെ സഗ മാർഗമായി വളരെ താരതമ്യം ഉള്ളതായിട്ടാണ് എൻ്റെ കാഴ്ചപ്പാട് . അതുകൊണ്ട് തന്നെ ഈ പഠനത്തിൽ എൻ്റെ നിരൂപണങ്ങൾ തികച്ചും എന്റെ വ്യക്തിപരമായ കാഴ്ചപ്പാടാണ്.

# 2.കാവ്യത്തിൻ്റെ ആമുഖം

കുചേലവൃത്തം വഞ്ചിപ്പാട്ട് അഥവാ സുദാമാവൃതം വഞ്ചിപ്പാട്ട് മലയാളത്തിൽ രാമപുരത്തു വാര്യർ രചിച്ച പ്രസിദ്ധമായ വഞ്ചിപ്പാട്ടാണ് . ഭാഗവതത്തിലെ കുചേലൻ എന്നറിയപ്പെടുന്ന സുദാമയുടെ കഥയെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു ഇത് . തിരുവിതാംകൂർ രാജാവായിരുന്ന മാർത്താണ്ഡവർമ്മയുടെ നിർദ്ദേശപ്രകാരമാണ് ഇത് എഴുതിയത് . മലയാള സാഹിത്യത്തിലും സംസ്കാരത്തിലും ഇതിന് വലിയ പ്രചാരമുണ്ട് .

കുചേലവൃത്തം എപ്പോഴാണ് എഴുതിയതെന്ന് കൃത്യമായി അറിയില്ല. മാർത്താണ്ഡവർമ്മയുടെ ഭരണകാലത്താണ് ഇത് എഴുതിയതെന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ചരിത്രകാരനായ കെ.ആർ. കൃഷ്ണപിള്ളയുടെ അഭിപ്രായത്തിൽ ഇത് എ.ഡി. 1745-1750 കാലഘട്ടത്തിലാണ് എഴുതിയത് . എ.ഡി. 1756 ൽ എഴുതിയതാണെന്നും ഒരു അഭിപ്രായമുണ്ട്.

കുചേലവൃത്തം നാഥോനാഥ എന്ന ചതുരത്തിലാണ് എഴുതിയത് . ഈ കവിതയിൽ 698 വരികളുണ്ട്. മാർത്താണ്ഡവർമ്മയെയും പത്മനാഭസ്വാമി ക്ഷേത്രത്തെയും സ്തുതിക്കാൻ 96 വരികളും കൃഷ്ണനെ വർണിക്കാൻ 132 വരികളും വാരിയർ ഉപയോഗിക്കുന്നു . മറ്റുള്ളവർ കുചേലന്റെ കഥയാണ് കൈകാര്യം ചെയ്യുന്നത്.

## 2.1 എന്താണ് അത് :

"കുചേലവൃത്തം വഞ്ചിപ്പാട്ട്" എന്നത് "വഞ്ചിപ്പാട്ട്" അല്ലെങ്കിൽ "വള്ളം പാട്ട്" ശൈലിയിലുള്ള ഒരു കവിതയാണ്, ഇത് വള്ളംകളികളിൽ പലപ്പോഴും ആലപിക്കുന്ന ഒരു പരമ്പരാഗത മലയാള കാവ്യരൂപമാണ്.

## 2.2 ആധാരം:

ഭാഗവത പുരാണത്തിലെ ഒരു കഥാപാത്രമായ കുചേലന്റെ (സുദാമ എന്നും അറിയപ്പെടുന്നു) കഥയെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ കവിത, അദ്ദേഹം ശ്രീകൃഷ്ണ ഭക്തനാണ്.

## 2.3 രചയിതാവ്:

ഇത് എഴുതിയത് അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ രാജാവിന്റെ ഭരണകാലത്ത് തിരുവിതാംകൂറിൽ (പിന്നീട് കേരളത്തിന്റെ ഭാഗം) ജീവിച്ചിരുന്ന മലയാള കവിയായ രാമപുരത്തു വാര്യർ ആണ്.

## 2.4 ഉത്ഭവം:

രാമപുരത്തു വാര്യർ രാജാവ് മാർത്താണ്ഡവർമ്മയോടൊപ്പം ഒരു ബോട്ട് യാത്രയ്ക്കിടെയാണ് ഈ കവിത സൃഷ്ടിക്കപ്പെട്ടതെന്ന് വിശ്വസിക്കപ്പെടുന്നു, അവിടെ വാരിയർ രാജാവിന് കവിത ചൊല്ലിക്കൊടുത്തു.

## 2.5 വഞ്ചിപ്പാട്ട്:

മുഴുവൻ ദ്രാവിഡ മീറ്ററിലുള്ള നതോന്നതയിൽ രചിക്കപ്പെട്ട നാടോടി ഉത്ഭവത്തിന്റെ ഒരു കാവ്യരൂപമാണിത്.

## 2.6 പ്രാധാന്യം:

മലയാള സാഹിത്യത്തിലെ ഒരു പ്രധാന കൃതിയും "വഞ്ചിപ്പാട്ട്" ശൈലിയുടെ ശ്രദ്ധേയമായ ഉദാഹരണവുമാണ് ഈ കവിത.

## 2.7 മറ്റ് പേരുകൾ:

ഇത് "സുദാമാവൃത്ത് വഞ്ചിപ്പാട്ട്" എന്നും അറിയപ്പെടുന്നു.

# 3.രാമപുരത്ത് വാര്യർ

## 3.1 ജീവചരിത്രം

3.2 ജനനം : സി 1703

മരണം : ഏകദേശം 1753

കുചേലവൃത്തം വഞ്ചിപ്പാട്ട് എന്ന ഒരൊറ്റക്കാവ്യംകൊണ്ട് മലയാളസാഹിത്യത്തിൽ ശാശ്വതവും സമുന്നതവുമായ സ്ഥാനം നേടിയ കവിയാണ് രാമപുരത്ത് വാര്യർ . മാർത്താണ്ഡവർമ്മയുടെ ആശ്രിതനായിരുന്നു അദ്ദേഹം.കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽ ഉൾപ്പെട്ട രാമപുരം എന്ന പ്രദേശത്താണ് വാരിയരുടെ ജനനം. ശങ്കരൻ എന്നാണ് യഥാർത്ഥ പേര്.അമ്മ പാർവതി വാരസ്യാരും അച്ഛൻ അമനകര ഗ്രാമത്തിലെ പുനം എന്ന ഇല്ലത്തെ പദ്മനാഭൻ നമ്പൂതിരിയും ആയിരുന്നു. അച്ഛനിൽനിന്ന് പ്രാഥമിക വിദ്യാഭ്യാസം നേടിയ ശേഷം ഇരിങ്ങാലക്കുടയിൽ ചെന്ന് ഉണ്ണായിവാരിയരിൽനിന്ന് സംസ്കൃതം പഠിച്ചു. സാഹിത്യത്തിലും സംഗീതത്തിലും നല്ല വാസന അദ്ദേഹത്തിനുണ്ടായിരുന്നു. ജ്യോതിഷപണ്ഡിതനായിരുന്നുവെന്നും പറയുന്നു.

രാമപുരത്തു വാരിയർ നല്ല സംസ്കൃതവ്യുല്പന്നൻ ആയിരുന്നുവെന്നും സ്വദേശത്ത് പള്ളിക്കുടം കെട്ടി കുട്ടികളെ വിദ്യ അഭ്യസിച്ചുവന്നിരുന്നെന്നും പറയപ്പെടുന്നു.
മഹാദാരിദ്ര്യത്തിലായിരുന്നു അദ്ദേഹത്തിന്റെ കുടുംബം. അക്കാലത്ത്

വടക്കുംകൂർ രാജാക്കന്മാരുടെ ഒരു ശാഖ വെള്ളാലപ്പള്ളിയിൽ താമസിച്ചിരുന്നു. ആ ശാഖയിൽപ്പെട്ട രവിവർമ്മ രാജാവിന്റെ ആശ്രിതനായിരുന്നു വാരിയർ. രാജാവിനൊപ്പം വൈക്കം മഹാദേവ ക്ഷേത്രത്തിൽ പോകുകയും വൈക്കത്തപ്പനെ ഭജിക്കുകയും ചെയ്തുവന്നു അദ്ദേഹം. വടക്കുംകൂർ തിരുവിതാംകൂർ അധീനത്തിലായ ശേഷം മാർത്താണ്ഡവർമ്മ മഹാരാജാവ് വൈക്കം ക്ഷേത്രത്തിൽ കുറേ ദിവസം ഭജനത്തിനായി എഴുന്നള്ളിത്താമസിക്കെ രവിവർമ്മ രാജാവിന്റെ സഹായത്തോടെ വാരിയർ അദ്ദേഹത്തെ മുഖംകാണിച്ച് ചില സംസ്കൃതശ്ലോകങ്ങൾ സമർപ്പിച്ചു. അവയിലൊന്ന് തന്നെ കുചേലനോടും മഹാരാജാവിനെ കൃഷ്ണനോടും ഉപമിച്ചുകൊണ്ടുള്ളതായിരുന്നു. തന്നെ സ്തുതിച്ചുകൊണ്ടുള്ള ശ്ലോകങ്ങളിൽ സംപ്രീതനായ മഹാരാജാവ് കുചേലോപാഖ്യാനം വഞ്ചിപ്പാട്ടായി രചിക്കാൻ രാമപുരത്തു വാരിയരോട് ആവശ്യപ്പെട്ടു. മടങ്ങുമ്പോൾ അദ്ദേഹം വാരിയരെയും പള്ളിയോടത്തിൽ തിരുവനന്തപുരത്തേക്ക് കൂട്ടിക്കൊണ്ടുപോയി. അതിൽവെച്ച് വാരിയർ താൻ രചിച്ച കുചേലവൃത്തം വഞ്ചിപ്പാട്ട് പാടിക്കേൾപ്പിച്ചു എന്നു പറയപ്പെടുന്നു.

മാർത്താണ്ഡവർമ്മ വാരിയരെ കുറച്ചു കാലം തിരുവനന്തപുരത്ത് താമസിപ്പിച്ചു. അവിടെ വെച്ചാണ് രാജകല്പന പ്രകാരം ഗീതഗോവിന്ദം (ഭാഷാഷ്ടപദി ) രചിക്കുന്നത് . അതിനു മുൻപ് വൈക്കത്തിനു സമീപം വെച്ചൂർ എന്ന സ്ഥലത്ത് മഹാരാജാവ് രാമപുരത്തു വാരിയർക്കുവേണ്ടി മനോഹരമായ ഗൃഹവും വസ്തുവകകളും നൽകി. വാരിയർ തിരിച്ചുപോയി അവിടെയും രാമപുരത്തുമായി ശിഷ്ടകാലം കഴിച്ചു.

കുചേലവൃത്തം വഞ്ചിപ്പാട്ടാണ് രാമപുരത്തു വാര്യർക്ക് പ്രശസ്തി നേടിക്കൊടുത്തത്. ജയദേവകൃതിയായ ഗീതഗോവിന്ദത്തിന്റെ മലയാളം പരിഭാഷയായ ഭാഷാഷ്ടപദിയും രാമപുരത്തുവാര്യരുടെ കൃതിയാണ്.

രണ്ടും മഹാരാജാവിന്റെ നിർദ്ദേശപ്രകാരമാണ് രചിക്കുന്നത്. അമരകോശത്തിന് ലഘുഭാഷ എന്ന സംസ്കൃതവ്യാഖ്യാനം, നൈഷധം തിരുവാതിരപ്പാട്ട് എന്നിവയാണ് രാമപുരത്തു വാര്യരുടെ മറ്റു കൃതികൾ. ലഘുഭാഷ വടക്കുംകൂർ രവിവർമ്മ രാജാവിന്റെ ആവശ്യപ്രകാരം രചിച്ചതാണെന്ന് ആമുഖശ്ലോകത്തിൽ പറയുന്നു. ഐ(മൈ)രാവണവധം തുള്ളൽ, പ്രഭാതകീർത്തനം എന്നീ കൃതികളും വാര്യരുടെതാകാമെന്ന് ഉള്ളൂർ ഊഹിക്കുന്നു.

# 4.കാവ്യത്തിൻ്റെ സംഗ്രഹം

ഭാഗവതം ദശമസ്കന്ധത്തിലെ കുചേലോപാഖ്യാനത്തെ ആസ്പദിച്ച് രാമപുരത്തുവാര്യർ എഴുതിയ പ്രസിദ്ധമായ വഞ്ചിപ്പാട്ടാണ് കുചേലവൃത്തം വഞ്ചിപ്പാട്ട്. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ നിർദ്ദേശപ്രകാരമാണ് ഈ കൃതി രചിച്ചതെന്ന് കവി പരാമർശിക്കുന്നു. വഞ്ചിപ്പാട്ട് എന്ന നിലയിൽ ഈ കൃതി മലയാളസാഹിത്യത്തിലും സാംസ്കാരികരംഗത്തും നേടിയ പ്രചാരം അന്യാദൃശമാണ്.

വഞ്ചിപ്പാട്ട് വൃത്തം എന്നറിയപ്പെടുന്ന നതോന്നതയിലാണ് കുചേലവൃത്തം രചിച്ചിട്ടുള്ളത്. ആകെ 698 വരികളുള്ള ഈ കൃതി സുദീർഘമായ രണ്ട് പീഠികകൾ ഉൾക്കൊള്ളുന്നു. മാർത്താണ്ഡവർമ്മയെയും തിരുവനന്തപുരത്തെയും പദ്മനാഭസ്വാമി ക്ഷേത്രത്തെയും വർണ്ണിക്കാൻ 96 വരികളും കൃഷ്ണന്റെ അവതാരലീലകൾ വർണ്ണിക്കാൻ 132 വരികളും വാരിയർ നീക്കിവെക്കുന്നു. അതിനു ശേഷമാണ് കുചേലകഥ പ്രതിപാദിക്കുന്നത്.

കൃഷ്ണ ഭക്തനായ ഒരു ദാരിദ്ര ബ്രാഹ്മണൻ ആയിരുന്നു കുചേലൻ. യഥാർത്ഥ പേര് സുധാമേ എന്നാണ്.

സന്ദീപനി മഹർഷിയുടെ ആശ്രമത്തിലാണ് കുചേലനം കൃഷ്ണനും വിദ്യാഭ്യാസം നടത്തിയത്. ഗുരുകുലത്തിൽ വച്ച് ഇവർ ഉറ്റ സുഹൃത്തുക്കൾ ആയിരുന്നു. വിദ്യാഭ്യാസം കഴിഞ്ഞതിനുശേഷം രണ്ട് പേരും പല ജീവിത മാർഗ്ഗങ്ങളാണ് സ്വീകരിച്ചത് . കൃഷ്ണൻ ദ്വാരകയിൽ രാജകീയ സുഖ അനുഭവങ്ങളിലും കുചേലൻ ഒരു വലിയ കുടുംബത്തിന്റെ ഭാരവും പേറി ദാരിദ്ര്യത്തിലും

കഴിഞ്ഞുകൂടി. കല്യാണി എന്നാണ് കുചേലന്റെ ഭാര്യയുടെ പേര്. ഒരു സാധുവായ ബ്രാഹ്മണ സ്ത്രീയായിരുന്നു അദ്ദേഹത്തിന്റെ പത്നി. ഭർത്താവിനെ വിഷമം തോന്നുന്ന വിധ യാതൊന്നും അവൾ പറയുമായിരുന്നില്ല. എപ്പോഴും അന്യവീടുകളിൽ ചെന്ന് യാചിച്ചു കിട്ടുന്ന ഭക്ഷ്യവസ്തുക്കൾ കൊണ്ടുവന്ന പാചകം ചെയ്താണ് അവൾ ഭർത്താവിനെയും കുഞ്ഞുങ്ങളെയും പോറ്റിയിരുന്നത്. പല ദിവസങ്ങളിലും മുഴു പട്ടിണിയായിരുന്നു. ദ്വാരകനാഥനായ കൃഷ്ണനും സുധാമാവിന്റെ കൂടെ ഗുരുകുല വിദ്യാഭ്യാസം നടത്തിയതായി കല്യാണി അറിയാമായിരുന്നു. കൃഷ്ണൻ അദ്ദേഹത്തിന്റെ ആത്മമിത്രമാണെന്നും ഗുരുകുലത്തിൽ നിന്നും പിരിഞ്ഞതിനുശേഷം തമ്മിൽ കണ്ടിട്ടില്ലെന്നും സുധാമാവ് മുമ്പ് പറഞ്ഞിട്ടുള്ളത് കല്യാണി ഓർത്തു. കൃഷ്ണൻ കഴിഞ്ഞാൽ ഈ മുഴു പട്ടിണി അവസാനിക്കും എ ന്നും കല്യാണി വിശ്വസിച്ചു.

അങ്ങ് എപ്പോഴും കൃഷ്ണ നാമം ഉരുവിട്ട് കൊണ്ട് ഇരികുക ആണ് അല്ലോ .ഞാൻ ഒരു കാര്യം അറിഞ്ഞു കൃഷ്ണന്റെ അടുത്ത് ചെന്ന് സഹായം ചോദികുന്നവരെ വെറുതെ വിടുന്നില്ല സഹായം ചെയ്തു കൊടുക്കുന്നുണ്ട് . അങ്ങക്ക് അതുപോലെ കൃഷ്ണന്റെ അടുത്ത് പോയി സഹായം ചോദിക്കാം ആയിരുന്നു.ഉറ്റ സുഹൃത്ത് അല്ലേ കൈ വിടില്ല . കൃഷ്ണ ആണ് എങ്കിൽ ദ്വാരകയിൽ ഒരു രാജാവിനെ പോലെ ആണ് ജീവിക്കുന്നത്. വലിയ പ്രതാപത്തോടെ വാഴുക ആണ് .നിങ്ങൾ ഇരുവരും ബാല്യത്തിൽ പ്രാണ സ്നേഹിതൻ പോലെ അല്ലേ കഴിഞ്ഞതും . നമ്മുടെ അവസ്ഥ പറഞ്ഞാൽ എന്തായാലും അങ്ങയെ സഹായിക്കും അങ്ങ് പോയി ഭഗവാൻ കൃഷ്ണനെ പോയി കാണു. ഇത് എല്ലാം കേട്ടിട്ട് ഭഗവാൻ കൃഷ്ണനെ നേരിൽ കാണാൻ എനിക്ക് വളരെ അതിയായ മോഹം ആയി.

ഗുരുകുലത്തിൽ താമസിക്കുമ്പോൾ എന്നെ അദ്ദേഹത്തിന് ജീവൻ ആയിരുന്നു. ഞങ്ങൾ ഒരുമിച്ച് ആണ് എല്ലാം പ്രവർത്തികളും ചെയ്തു കൊണ്ട് ഇരുന്നത് . ഇന്ന് എന്നെ കണ്ടാൽ മനസ്സിൽ ആകുമോ എന്തോ .ഞാൻ അതുപോലെ എല്ലും തൊലിയുമായി വയസനായി പോയി എന്നെ കണ്ടാൽ അദ്ദേഹത്തിന് തിരിച്ചറിയാൻ കഴിയുമോ എന്ന് എനിക്ക് സംശയം ആണ് . ഭഗവാൻ കൃഷ്ണൻ അല്ലേ തിരിച്ചു അറിയാൻ കഴിയും എന്ന് വിശ്വസിക്കുന്നു .

സുദ്ധമാവ് പത്നിയെ നോക്കി കൊണ്ട് പറഞ്ഞു ഞാൻ എൻ്റെ ഉറ്റ സുഹൃത്ത് കാണാൻ പോകാം എന്ന് നമ്മുടെ അവസ്ഥ പറയാം എന്ന് പറഞ്ഞു . ഭാര്യയുടെ അവസ്ഥ കണ്ട് പോകാം എന്ന് കുചേലൻ വിചാരിച്ചു . കീറി തുന്നിയ വസ്ത്ര ധാരണ, എല്ലും തോലും ആയി ഇരിക്കുന്ന ശരീര അവസ്ഥ എന്നോട് ഇത് വരെ ഒരു പരാതിയോ പരിഭവമോ ഇത് വരെ പറഞ്ഞിട്ടില്ല . അതുകൊണ്ട് അവളെ സങ്കടപ്പെടുത്തേണ്ട  അവളുടെ സന്തോഷത്തിന് വേണ്ടി ഞാൻ പോകാം എന്ന് വിചാരിച്ചു .അനേകം വർഷങ്ങൾക്ക് ശേഷം തനിക്ക് ഏറ്റവും പ്രിയപ്പെട്ട ഉറ്റ സുഹൃത്ത് കാണുകയും ചെയ്യാം . കൃഷ്ണനെ ആലോചിച്ചു നോക്കിയപ്പോൾ മുഖത് പുഞ്ചിരിയോടെ ചുണ്ടുകൾ വിടർന്നു .

കുറെ നാളുകൾക്ക് ശേഷം ഭഗവാൻ കൃഷ്ണനെ കാണാൻ പോകുക ആണ് . വെറും കൈയോടെ പോകാൻ പറ്റില്ലല്ലോ എന്ന് കുചേലൻ പറഞ്ഞു . അത് ശേരി ആണ് അല്ലോ എന്ന് കല്യാണി ആലോചിച്ചു . എങ്കിലും എന്തെങ്കിലും കൊടുത്ത് അയക്കണം എന്ന് വിചാരിച്ചു . അതിന് വേണ്ടി കല്യാണി പല വീടുകൾ കയറി ഭിക്ഷക്ക് ഇറങ്ങി . പല വീടുകളിൽ നിന്ന് നാലു പിടി നെല്ല്  ഭിക്ഷ ആയി കിട്ടി . അത് വറുത്ത് ഇടിച്ച് അവൽ ആകി . എന്നിട്ട് ഒട്ടും പാഴാക്കാതെ ഒരു പഴയ

തുണിയിൽ പൊതിഞ്ഞ് ഭദ്രമായി ഭർത്താവിൻ്റെ കൈയിൽ കൊടുത്തു അയച്ചു .

അവൽ കൃഷ്ണ ഭഗവാന് വളരെ പ്രിയപ്പെട്ടതാണ് എന്ന് പറഞ്ഞിട്ടുണ്ടല്ലോ . അത് കുറച്ചു ഉള്ളൂ എങ്കിലും ഭഗവാന് തൃപ്തി ആകതിരികില്ല എന്ന് വിശ്വസിക്കുന്നു . നമ്മുടെ ദുഃഖങ്ങൾ എല്ലാം കൃഷ്ണനോട് തുറന്നു പറയണം . അതും ഒരു അപേക്ഷ എന്ന് പോലെ ആണ് കല്യാണി കുചേലനോട് പറഞ്ഞത് . നമ്മുടെ അവസ്ഥ കൃഷ്ണന് പറഞ്ഞ മനസ്സിൽ ആകും . അങ്ങയുടെ ഉറ്റ സുഹൃത്ത് ആയത് കൊണ്ട് എന്തെങ്കിലും ചെയ്തേ ഇരികില്ല എന്ന് ഒരു വിശ്വാസം ഉണ്ട് എനിക്ക് എന്ന് കല്യാണി പറഞ്ഞു .

സുധമാവ് അവൽ പൊതിയും ആയി ദ്വാരകയിലേക്ക് യാത്ര ആയി . കൃഷ്ണനെ കാണാനുള്ള അദ്ദേഹത്തിൻ്റെ ആവേശം വളരെ വലുത് ആയിരുന്നു . അദ്ദേഹത്തിൻ്റെ മനസ്സിൽ അത് പോലെ തിടുക്കത്തിൽ ആയിരുന്നു . അന്നത്തെ കളി തോഴൻ ഇന്നത്തെ ദ്വാരകയിലെ രാജ തുല്യൻ ആണ് . കുചേലൻ്റെ മനസ്സിൽ അപ്പോൾ ഒരു ചിന്ത ആയിരുന്നു . എന്നെ മനസ്സിൽ ആകുമോ . അവിടത്തെ കാവൽക്കാർ ഭിക്ഷക്കാരൻ ആണ് എന്ന് കരുതി എന്നെ കൊട്ടാരത്തിൽ കയറ്റാതെ ഇരികുമോ എന്ന് . കൃഷ്ണനെ കാണാൻ പറ്റാതെ തിരിച്ചു പോകേണ്ടി വരുമോ . എന്ന് എല്ലാം ആശങ്കയോടെ ആണ് കുചേലൻ കൃഷ്ണനെ കാണാൻ പോകുന്നത് .

കുചെലൻ്റെ ഭക്തിയും ജിവിത സാഹചര്യവും അവരുടെ ദാരിദ്രവും കുടുംബത്തിലെ ദുഃഖങ്ങൾ എല്ലാം കൃഷ്ണൻ മനസ്സിൽ ആകുന്നുണ്ടായിരുന്നു . എന്നിട്ട് കൃഷ്ണനോട് രുഗ്മിണി ചോദിച്ചു .ഇത് എല്ലാം അറിഞ്ഞിട്ടും എന്താ ഒന്നും ചെയ്യാതെ ഇങ്ങനെ പുഞ്ചിരി പൊഴിച്ചിരികുന്നത് അങ്ങ് എന്ന് . കുചേലൻ അങ്ങയുടെ പ്രാണ സ്നേഹിതൻ അല്ലേ പിന്നെ എന്താ ഇങ്ങനെ കാണിക്കുന്നത് . അദ്ദേഹത്തിൻ്റെ ദുരവസ്ഥ കണ്ടിട്ടും ചെയ്യാതെ ആ പാവത്തിനെ

സഹായിക്കാൻ താൽപര്യം ഇല്ലാത്തത് പോലെ ഇരിക്കുന്നത് . അദ്ദേഹത്തിൻ്റെ കുട്ടികൾ മിക്കപ്പോഴും പട്ടിണിയിൽ ആണ് . എന്നിട്ടും സദാ സമയവും കൃഷ്ണ നാമം ഉരുവിട്ട് ആണ് അദ്ദേഹം നടക്കുന്നത് .

രുഗ്മിണി പറഞ്ഞത് എല്ലാം ശെരി ആണ് .ഞാൻ ഇത് എല്ലാം അറിയുന്നുണ്ട് . അവൻ ഉറക്കത്തിൽ പോലും എന്നെ ആണ് സ്മരികുന്നത് . ആ മനസ്സ് നിറയെ ഞാൻ മാത്രം ഉള്ളൂ . പക്ഷേ എന്നോട് ഒന്നും ആവശ്യപ്പെടാതെ എനിക്ക് ഒന്നും ചെയ്യാൻ പറ്റില്ല . എന്നെ കാണാൻ പോലും ഇത് വരെ വന്നിട്ടില്ല . പിന്നെ ഞാൻ എങ്ങനെ സഹായിക്കും . എന്നിട്ട് കൃഷ്ണൻ രുഗ്മിനിയോട് പറഞ്ഞു ഒരു ദിവസം അവൻ എന്നെ കാണാൻ വരും എന്ന് . ആ ഒരു ദിവസത്തിന് വേണ്ടി ഞാൻ കാത്തിരിക്കുക ആണ് എന്ന് . എൻ്റെ പ്രാണ സ്നേഹിതനേ കാണാൻ എനിക്ക് നല്ല തിടുക്കം ഉണ്ട് എന്നും കൃഷ്ണൻ രുഗ്മിണിയോട് പറഞ്ഞു .ഇത് എല്ലാം രുഗ്മിണിക്ക് കേട്ടപ്പോൾ സുദ്ധമാവിനെ കാണാൻ രുഗ്മിണിക്കും അതിയായ മോഹം ആയി . രുഗ്മിണി കുചേലൻ എന്ന് എങ്കിലും വരും എന്ന് കാത്തിരിക്കുക ആയിരുന്നു .

കുചേലൻ കൃഷ്ണൻ്റെ അടുത്തേക്ക് പോകുമ്പോൾ കൃഷ്ണ സ്തോത്രങ്ങൾ ചൊല്ലി ആണ് നടന്നത് വേറെ ഒരു ചിന്തയും മനസ്സിൽ കൊണ്ട് വന്നിട്ടില്ല . അങ്ങനെ ചൊല്ലി ഒരു ചിന്തയും ചിന്തിക്കാതെ നടന്നു വളരെ പെട്ടന്ന് തന്നെ ദ്വാരകയിൽ എത്തി ചേർന്നു . അവിടെ എത്തിയപ്പോൾ കണ്ടത് അതി മനോഹരമായ കാഴ്ചകൾ ആയിരുന്നു . അതി മനോഹരമായ ഒരു നഗരം തന്നെ അത് കണ്ട് അദ്ദേഹം അത്ഭുതപ്പെട്ടു പോയി . വിസ്തൃതമായ വീഥികളും പൂന്തോട്ടങ്ങളും കൊട്ടാര തുല്യമായ മനോജ്ഞ ഭവnങ്ങളും ഇത് എല്ലാം കണ്ട് കൗതുകത്തോടെ നോക്കി നിന്നു . അത് എല്ലാം കണ്ട് നടക്കുമ്പോൾ തികച്ചും വ്യത്യസ്തമായ സ്വർഗ്ഗ തുല്യമായ ഒരു കൊട്ടാരം കണ്ടു . കവൽക്കാരും ഭടന്മാരും എല്ലാം അവിടെ ഇവിടെ എല്ലാം

നിൽക്കുന്നുണ്ടായിരുന്നു . എന്നെ അകത്തേക്ക് കയറ്റി വിടില്ല എന്നാണ് ചിന്തിച്ചത് . പക്ഷേ ആരും എന്നെ തടഞ്ഞില്ല . അകത്തേക്ക് കയറ്റി വിട്ടു .

കൊട്ടാരത്തിൻ്റെ വിശാലമായ മുറിക്കകത്ത് പട്ടു മെത്തയിൽ കൃഷ്ണനോട് ഒപ്പം രുഗ്മിണി ഇരിക്കുന്നത് കണ്ട് വളരെ ആനന്ദം തോന്നി പോയി . ആ കാഴ്ച കണ്ട് എൻ്റെ കണ്ണുകളിൽ നിന്ന് കോരി തരിപ്പോടെ നിന്ന് പോയി .എന്നെ കണ്ടാൽ ഉടൻ തന്നെ കൃഷ്ണൻ ചാടി എഴുനേറ്റു ഓടി വന്നു . എന്നെ കണ്ട് സന്തോഷം പൂർവ്വം കെട്ടി പിടിച്ചു . ഇത് എല്ലാം കണ്ടപ്പോൾ എൻ്റെ മനസ്സ് വിങ്ങി കരയുക ആയിരുന്നു കുചേലൻ . എന്നെ കണ്ടിട്ട് മറന്നില്ലാലോ . എൻ്റെ രൂപം കണ്ടിട്ട് തിരിച്ചറിഞ്ഞല്ലോ എന്ന് കുചേലൻ കൃഷ്ണനോട് പറഞ്ഞു .

നീ എൻ്റെ ചങ്ങാതി അല്ലേ . നിന്നെ എനിക്ക് മറക്കാൻ പറ്റുമോ നീ എന്തു ചോദ്യം ആണ് ചോദിക്കുന്നത് എന്ന് എല്ലാം കൃഷ്ണൻ പറഞ്ഞു . കുചേലനെ കൈയിൽ പിടിച്ച് കൊണ്ട് പോയി പട്ടുമെത്തയിൽ ഇരുത്തി . നടന്നു വിയർത്തു വന്ന എന്നെ രുഗ്മിണി വിശറി കൊണ്ട് വിശി തന്നു .കൃഷ്ണൻ സുധമാവിൻ്റെ പാദങ്ങൾ കഴുകി . ആ ജലം തീർത്ഥം കണക്കെ കൃഷ്ണൻ്റെയും സ്വശിരസ്സിലും രുഗ്മിണിയുടെയും ശിരസ്സിലും തളിച്ചു. ഇതൊക്കെ ചെയ്യാൻ ഞാൻ എന്ത് പുണ്യം ആണ് ചെയ്തിരിക്കുന്നത് എന്ന് ആലോചിച്ചു പോയി . ഇത് എല്ലാം കണ്ടിട്ട് എനിക്ക് സങ്കടം ആണ് തോന്നിയത് . എന്നെ എൻ്റെ ആത്മാർത്ഥ സുഹൃത്ത് അത്രയും അധികം സ്നേഹിക്കുന്നുണ്ട് എന്ന് മനസിൽ ആയി .

കൃഷ്ണനും രുഗ്മിണിയും ഇത് ചെയ്യുന്നത് കണ്ടു നിൽകുന്നവർ അത്ഭുതപ്പെട്ടു പോയി . വിയർത്തു നറിയ മുഷിഞ്ഞു കീറിയ വസ്ത്രം ധരിച്ച, വർദ്ധ്യക്യം വികൃത രൂപമായ ഒരു മനുഷ്യൻ . സർവ്വേശ്വരനായ കൃഷ്ണൻ അദ്ദേഹത്തെ ആലിംഗനം ചെയ്യുന്നു പട്ടുമെതയിൽ ഇരുത്തുന്നു അയാളുടെ കാൽ കഴുകി ആ തീർത്ഥം ശിരസ്സിൽ തളികുന്നു രുഗ്മിണി ആ ദരിദ്രനായ ആൾക്ക് വിശറി വീശി കൊടുകുന്നു .ഇതൊക്കെ

ചെയ്യാൻ അത്രയും പുണ്യം ചെയ്ത ആൾ ആണോ .കൃഷ്ണനും ആ ശുഷ്കിച്ച ശരീരത്തിനുടമയായ മനുഷ്യനും തമ്മിലുള്ള ബന്ധം അത്രയും അസാധാരണമായ ഒന്നാണ് എന്ന് അവിടെ കൂടി നിനവർക്ക് തോന്നിയില്ല . അവരുടെ സ്നേഹ ബഹുമനങ്ങളും ആത്മാർത്ഥയും വളരെ വലുത് ആണ് എന്ന് എല്ലാവർക്കും മനസ്സിൽ ആയി . അത്രയും വേണ്ടപ്പെട്ട ഒരാൾ ആണ് എന്ന് മനസ്സിൽ ആയി അവിടെ ഉണ്ടായ എല്ലാവർക്കും . അതുകൊണ്ട് ആണ് കൃഷ്ണനും രുഗ്മിണിയും അത്രയും പ്രാധാന്യം കൊടുകുന്നത് എന്നും മനസ്സിൽ ആയി .

ഇത്രയും കാലം എവിടെ ആയിരുന്നു . ഗുരുകുല വിദ്യാഭ്യാസം കഴിഞ്ഞതിന് ശേഷം നമ്മൾ ഇത് വരെ കണ്ടിട്ടില്ല . അങ്ങ് വിവാഹിതനായി കുട്ടികളും ഒത്തു കുടുബ സമേതം കഴിയുക ആണ് എന്ന് മനസ്സിൽ ആയി . എല്ലാവർക്കും സുഖം തന്നെ അല്ലേ . വിശേഷങ്ങൾ എന്ത് എല്ലാം ആണ് പറയൂ എന്ന് എല്ലാം കൃഷ്ണൻ ചോദിച്ചപ്പോൾ കൃഷ്ണൻ്റെ സ്നേഹം കണ്ട് മനസിൽ വിങ്ങി കോരിതരിച്ചതോടെ മറുപടി ഒന്നും പറയാൻ സാധിച്ചില്ല . കൃഷ്ണനെ നോക്കി കൊണ്ട് തന്നെ ഇരുന്നു പോയി . കൃഷ്ണന് അദ്ദേഹത്തിൻ്റെ അവസ്ഥകൾ അറിയഞ്ഞിട്ടും അറിയാത്ത ഭാവത്തിൽ ഇരുന്നു കൊണ്ട് കൃഷ്ണൻ ഓരോന്നും ചോദിക്കാൻ തുടങ്ങി .

കൃഷ്ണൻ കുചെലനോട് പണ്ടത്തെ കാര്യങ്ങൾ എല്ലാം ഓർമ്മ ഉണ്ടോ എന്ന് എല്ലാം ചോദിച്ചു . ഗുരുകുലത്തിൽ വെച്ച് നമ്മൾ കാട്ടിൽ പോയി വിറക്ക് ശേഖരിച്ചതും. രാത്രിയിൽ പെരു മഴയത്ത് ഒരു ഗുഹാക്കുള്ളിൽ അഭയം പ്രാപിച്ചതും കുചേലൻ ഓർക്കുന്നുണ്ടോ എന്ന് കൃഷ്ണൻ ചോദിച്ചു . വിശന്നു വലഞ്ഞ എനിക്ക് അങ്ങ് ഒരു പിടി അവൽ തന്നതും ഇന്നും ഞാൻ ഓർക്കുന്നു . അത് കഴിഞ്ഞുള്ള പ്രഭാതത്തിൽ നമ്മെ അമ്പേഷിച്ചു പരിഭ്രമിച്ചു ഓടി എത്തിയ ഗുരുവിൻ്റെ മുഖം അങ്ങ് ഓർക്കുന്നുണ്ടോ എന്ന് എല്ലാം കൃഷ്ണൻ

ചോദിച്ചു . കുചേലൻ അപ്പോൾ പറഞ്ഞു ഞാൻ ഒന്നും മറന്നിട്ടില്ല . എനിക്ക് ഒന്നും മറക്കാനും പറ്റില്ല എന്നു കുചേലൻ പറഞ്ഞു . ദിവസവും ഞാൻ ഈ ജന്മം തന്നെ നിലനിർത്തുന്നത് തന്നെ അങ്ങയെ സ്മരിച്ചു കൊണ്ടാണ് . അങ്ങ് ആണ് എൻ്റെ ഏറ്റവും വലിയ ഭഗവാൻ ആയിട്ട് തന്നെ കാണുന്നത് . പിന്നെ ഞാൻ എങ്ങനെ മറക്കാൻ ആണ് അങ്ങയെയും അങ്ങയുടെ ഓർമ്മകളും ഞാൻ ഒന്നും മറക്കില്ല എന്ന് കുചേലൻ കൃഷ്ണനോട് പറഞ്ഞു . ഇത്രയും തിരക്ക് സമയത്തും ഗൗരവമേറിയ കാര്യങ്ങൾ ഉണ്ടായിട്ടും ഇത് ഒന്നും മറന്നിട്ടിലല്ലോ അങ്ങ് അത്ഭുതം തന്നെ . ഇത് എല്ലാം ഓർക്കുന്നു എന്ന് അറിഞ്ഞപ്പോൾ വിതുമ്പി പോയി ഞാൻ . എന്നെ അത് പോലെ അല്ലേ അങ്ങ് കാണുന്നത് എന്ന് എനിക്ക് മനസ്സിൽ ആയി.

അത് എല്ലാം പൊട്ടെ ഇത്രയും നാളുകൾക്ക് ശേഷം എന്നെ കാണാൻ അത്രയും ബുദ്ധിമുട്ടി വന്നത് അല്ലേ എനിക്ക് എന്താണ് എന്നിട്ട് കൊണ്ട് വന്നത് എന്ന് ചെറു പുഞ്ചിരിയോടെ കൃഷ്ണൻ കുചേലൻ ചോദിച്ചു . കുചേലൻ അപ്പോൾ തന്നെ പഴതുണിയിൽ പൊതിഞ്ഞു കൊണ്ട് വന്ന അവൽ വേഗം തന്നെ കക്ഷത്തിൽ ഒളിപ്പിച്ചു വെക്കാൻ ശ്രമിച്ചു . ഇത്രയും പ്രതപത്തോടെ കഴിയുന്ന കൃഷ്ണന് സമ്മാനിക്കാൻ പറ്റിയത് അല്ല എന്ന് തോന്നി . പഴതുണി കൃഷ്ണൻ കണ്ടാൽ തന്നെ നാണക്കേട് ആണ് എന്ന് കുചേലൻ കരുതി . അത് കൊണ്ട് തന്നെ അവൽ പൊതി കൊടുകണ്ട എന്ന് വിചാരിച്ചു . പക്ഷേ അത് കൃഷ്ണൻ കാണുകയും അത് എൻ്റെ കയിൽ നിന്ന് ആ തുണി പൊതി തടിയെടുക്കുകയും ചെയ്തു . അത് തടയാൻ നോക്കിയിട്ട് ഫലം ഒന്നും ഉണ്ടായിരുന്നില്ല . അത് ഉൽകണ്ഠയോടെ ആ പൊതി അഴിച്ചു . അതിൻ്റെ ഉള്ളിൽ അവൽ കണ്ടതും കൃഷ്ണൻ്റെ കണ്ണുകൾ വിടർന്നു . കൃഷ്ണൻ ആർത്തിയോടെ ഒരു പിടി അവൽ എടുത്തു വായിൽ ഇട്ടു ചവച്ചു . കല്ലും മണ്ണും ഉമിയും കലർന്ന അവൽ . അമൃത് എന്ന് പോലെ ആണ് അദ്ദേഹം അത് കഴിച്ചത് . അത് കഴിക്കുന്നത് കണ്ടപ്പോൾ കുചേലാൻ്റെ മനസ്സ്

നിറഞ്ഞു .അത് കഴിക്കുന്നത് കണ്ട് ആ ലഹരിയിൽ മുങ്ങി തഴുക ആയിരുന്നു . കൃഷ്ണനോട് പട്ടിണി മാറ്റാൻ എന്തെങ്കിലും സഹായം ചോദിക്കണം എന്ന് ഭാര്യ പറഞ്ഞത് എല്ലാം കുചേലൻ ഓർത്തത് പോലും ഇല്ല .

ആദ്യത്തെ പിടി അവൽ വായിലിട്ടു കൃഷ്ണൻ . രണ്ടാമത്തെ പിടി കൊതിയോട് വായിൽ ഇടൻ പോയപ്പോൾ രുഗ്മിണി ദേവി തടഞ്ഞു . ആദ്യത്തെ പിടിയിൽ തന്നെ അങ്ങയുടെ ഭക്തൻ സമ്പന്ന ആയി കഴിഞ്ഞു . ഇനി രണ്ടാമത്തെ പിടി അവൽ വായിൽ ഇട്ടു കഴിഞ്ഞാൽ ഞാൻ ആ ഭക്തൻ്റെ ദാസി ആയി പോകും എന്ന് പറഞ്ഞു രുഗ്മിണി . രുഗ്മിണി അത് പറഞ്ഞത് മന്ദസ്മിതത്തിൽ ആണ് മറുപടി പറഞ്ഞത് ചിരിച്ചു കൊണ്ട് . കൃഷ്ണൻ കൈയിൽ വരിയ അവൽ തിരികെ ഇട്ടു .

അന്ന് രാത്രി കുചേലൻ കൃഷ്ണനോട് ഒപ്പം ആണ് ഭക്ഷണം കഴിച്ചതും വിശ്രമിച്ചതും കിടന്നു ഉറങ്ങിയതും എല്ലാം . കുചേലനു ഇതിൽ പരം ഒരു സന്തോഷവും ആനന്ദവും മറ്റൊന്നും ഇല്ല എന്ന് അന്നേരം ചിന്തിച്ചു . പിറ്റേന്ന് രാവിലെ തന്നെ കുചേലൻ വീട്ടിൽ പോകാൻ വേണ്ടി കൃഷ്ണൻ്റെ അടുത്ത് അനുമതി വാങ്ങി . കൃഷ്ണനും രുഗ്മിണിയും അങ്ങനെ സുധമാവിനെ യാത്ര അയക്കാൻ എത്തി . അങ്ങയെ കാണണം എന്ന് മോഹം സഫലമായി .ഇതിൽ പരം ഒരു സന്തോഷവും എനിക്ക് കിട്ടാൻ ഇല്ല എന്ന് പറഞ്ഞു . ഞാൻ എന്നും അങ്ങയെ സ്മരിക്കും . പലതും ഞാൻ അറിയറുണ്ട് . എൻ്റെ ശരീരം മാത്രമേ ഞാൻ വിട്ടു പോകുന്നുള്ളൂ എൻ്റെ ഹൃദയം അങ്ങയുടെ അടുത്ത് തന്നെ ആണ് എന്ന് പറഞ്ഞു . സുധമാവിന് വളരെ സന്തോഷം കൊണ്ട് കണ്ണുകളിൽ നിന്ന് കണ്ണിനിരുകൾ വരാൻ തുടങ്ങി . ഒരിക്കൽ കൂടി കൃഷ്ണൻ എന്നെ പ്രാണ സ്നേഹിതനെ ആലിംഗനം ചെയ്തു . സുധമവിനെ യാത്ര അയകുന്ന നേരത്ത് കവാടം വരെ ചെന്നു .

ഇരുവരുടെയും സ്നേഹം കണ്ട് വേർപാടിൻ്റെ തീവ്രദുഃഖത്തിൽ കണ്ണ് നിരുക്കൾ വരാൻ തുടങ്ങി . ഇത് കണ്ട് രുഗ്മിണി അത്ഭുതപെട്ട് പോയി .

സ്വന്തം വീട്ടിൽ പോകുന്ന വഴിയിൽ കുചേലൻ ആലോചിച്ചത് മുഴുവനും കൃഷ്ണനെ പറ്റി ആയിരുന്നു . എന്നെ പട്ടുമേതയിൽ ഇരുത്തിയതും കാൽ കഴുകി തന്നതും ആ ജലം ശിരസ്സിൽ തളിച്ചതും വിശറി കൊണ്ട് വീശി തന്നത് എല്ലാം ഓർത്തു ആണ് ഞാൻ നടന്നു പോയത് . ഇത് ഒന്നും പ്രതീക്ഷിച്ചത് പോലും ഇല്ല ഞാൻ . കൃഷ്ണൻ എന്നെ തന്നെ ആശ്ചര്യപ്പെടുത്തി . ഇത്രയും ദരിദ്രനായ എന്നെ അവിടെ ഒരു വലിയ ആളെ പോലെ ആണ് എന്ന് സ്വീകരിച്ചത് . ഇത് എല്ലാം ഓർത്തപ്പോൾ എനിക്ക് നല്ല രീതിയിൽ സങ്കടം വന്നു .

അത് എല്ലാം ആലോചിച്ചു നടന്നപ്പോൾ ആണ് ഭാര്യയുടെ ദുഃഖങ്ങൾ അറിയിക്കാനും അവൾക്ക് വേണ്ടി കൃഷ്ണനോട് ഒന്നും ചോദിക്കാൻ പറ്റിയില്ലാലോ എന്ന് ആലോചിച്ചത് . അവിടെ വെച്ച് ഞാൻ അവളെ തന്നെ മറന്നു പോയല്ലോ എന്ന് ചിന്തിച്ചു . പിന്നെ ചിന്തിച്ചപ്പോൾ ചോദിക്കാതെ ഇരുന്നത് തന്നെ നന്നായി എന്ന് വിചാരിച്ചു . ധനമോഹം സ്നേഹത്തെ നിലനിർത്തില . ചോദിച്ചാൽ അത് സ്വാർത്ഥത ആയി പോകും എന്ന് ചിന്തിച്ചു . അതുകൊണ്ട് തന്നെ ചോദിക്കാതെ ഇരുന്നത് നന്നായി എന്ന് വിചാരിച്ചു . പക്ഷേ അവളോട് എന്തു പറയും . ഒന്നും ചോദിച്ചില്ല എന്ന് പറയാൻ പറ്റില്ല അത് അവൾക്ക് വളരെ അധികം സങ്കടം ഉണ്ടാക്കും . ഇത് ഇപ്പൊൾ എന്തു ചെയ്യും എന്ന് ചിന്തിച്ചു കുചേലൻ . കാരണം ഭഗവാൻ കൃഷ്ണനെ കാണാൻ വേണ്ടി പല വീടുകൾ കയറി നട്ടം തിരിഞ്ഞും ആണ് അവള് അവൽ ഉള്ള നെല്ല് സമ്പാദിച്ചത് . നമ്മുടെ ദാരിദ്രം അറിഞ്ഞു കൊണ്ടും അവള് വീടുകൾ കയറി നെല്ല് മേടിച്ചത് . കൃഷ്ണൻ്റെ സ്നേഹപരിലാളനകിടയിൽ പാവം കല്യാണിയുടെ കാര്യം മറന്നു പോയല്ലോ . ഇനി എങ്ങനെ അവളുടെ

മുഖത്ത് നോക്കും . എന്ന് എല്ലാം ആലോചിച്ചു സങ്കടത്തോടെ നടക്കുക ആയിരുന്നു കുചേലൻ .

ആകെ സങ്കടത്തിൽ നടക്കുന്നതിൻ്റെ ഇടയിൽ സ്വന്തം വീട്ടിൻ്റെ അടുത്ത് എത്തി എന്ന് അദ്ദേഹം അറിഞ്ഞു . പെട്ടന്ന് നോക്കിയപ്പോൾ കുചേലൻ കണ്ണുകൾ ആശ്ചര്യപ്പെട്ടു . അത്യന്തം അതി മനോഹരമായ മാളിക . ഇത് ഒറ്റ ദിവസം കൊണ്ട് ഇത്രയും വലിയ മാളിക ഉയരുമോ എൻ എല്ലാം ചിന്തിച്ചു . അത്ഭുതം തന്നെ എന്ന് ചിന്തിച്ചു കൊണ്ട് കുചേലൻ സ്വന്തം വീട് നോക്കി മുന്നോട്ട് പോകുക ആയിരുന്നു . അദ്ദേഹത്തിൻ്റെ വീട് കാണുന്നില്ല . ഈ ഒറ്റ ദിവസം കൊണ്ട് ഇവിടെ എന്താണ് സംഭവിച്ചത് ഇവിടെ ആണ് അല്ലോ വീട് ഉണ്ടായിരുന്നത് ഇപ്പൊൾ അവിടെ ഒരു വലിയ മാളിക വന്നിരിക്കുന്നത് . എന്താണ് സംഭവിച്ചത് എന്ന് അറിയാതെ അങ്കലപ്പോടെ ചുറ്റും നോക്കുക ആയിരുന്നു .

ഈ സമയത്ത് മാന്യമായ വസ്ത്രം ധാരണ ധരിച്ച് ഒരു ചിലർ അദ്ദേഹത്തെ സ്വീകരിച്ചു മനോഹരമായ ആ മാളികയിലേക്ക് കൊണ്ട് പോയി . ഇത് കണ്ടപ്പോൾ അദ്ദേഹം വിചാരിച്ചു ഞാൻ ഇപ്പോഴും ദ്വാരകയിൽ ആണോ എന്ന് . സുധമാവു അമ്പരപ്പോടെ ചുറ്റും നോക്കി . അപ്പോൾ ആണ് പ്രധാന വാതിൽ നിന്ന് ദേവ സ്ത്രീയെ പോലെ വസ്ത്രം ധരിച്ച് സുന്ദരിയായി ഒരു പെണ്ണ് സുധമവിനെ നോക്കി ചിരിക്കുന്നത് ആരാണ് എന്ന് നോക്കിയപ്പോൾ ആണ് അത് കല്യാണി ആണ് എന്ന് മനസിൽ ആയത് . അവള് അദ്ദേഹത്തിൻ്റെ കാൽക്കൽ വീണു നമസ്കരിച്ചു. പാദങ്ങൾ നനച്ചു കൊടുത്തു . അവളെ എഴുനെപ്പിച്ചു ചുറ്റും നോക്കി അത്ഭുതത്തോടെ നോക്കുക ആയിരുന്നു.

ഞാൻ പോയപ്പോൾ നീ എല്ലും തോലും രൂപം കേട്ടിരുന്ന ആൾ ആയിരുന്നു . ഉറ്റ സുഹൃത്ത് കാണാൻ പോയി തിരിച്ചു വന്നപ്പോൾ അതി സുന്ദരി ആയും വില പിടിപ്പുള്ള പട്ടു വസ്ത്രം ആണ് ധരിച്ചിരുന്നത് . ഇത്

നമ്മുടെ വീട് ആണ് എന്ന് പറഞ്ഞു . അദ്ദേഹത്തിൻ്റെ കൈ പിടിച്ചു അകത്തേക്ക് കൊണ്ട് പോയി കല്യാണി . അദ്ദേഹം അകത്ത് കയറിയപ്പോൾ കണ്ടിട്ട് അതിലുള്ള സജ്ജീകരണങ്ങളും അലങ്കാരങ്ങളും സുധാമാവിനെ അത്ഭുതപ്പെടുത്തി . നമ്മുടെ വീടിൻറെ സ്ഥാനത്ത് ഈ മാളിക ഇത്രയും പെട്ടെന്ന് ആരാണ് നിർമ്മിച്ചത് എന്ന് ചോദിച്ചു . ഇവിടെ എന്താണ് ഞാൻ പോയപ്പോൾ സംഭവിച്ചത് . സുധാമാവ് ആകെ വെപ്രാളവും ആകെ പരിഭ്രമിച്ചത് പോലെ ചോദിച്ചു . ഇതെല്ലാം ഭഗവാൻ കൃഷ്ണന്റെ അനുഗ്രഹമാണെന്ന് കല്യാണി പറഞ്ഞു .

ഭഗവാനി കൃഷ്ണൻ എല്ലാം അറിയുന്നുണ്ടായിരുന്നു . അങ്ങ് പോയ ഉടൻ തന്നെ ഇവിടെ മാളിക പോലുള്ള ഈ വീടുകൾ വരികയും നമ്മുടെ ദാരിദ്ര്യവും പട്ടിണിയും എല്ലാം മാറുകയും ചെയ്തു . എൻറെ ചങ്ങാതി ഗുരുകുലത്തിൽ വെച്ച് ഇങ്ങനെ തന്നെയായിരുന്നു . കരുണയുള്ളവനും ആയിരുന്നു . ഇന്നും ഞാൻ അങ്ങയെ ദർശിച്ചു പുണ്യം നേടി . എല്ലാം കണ്ടും എല്ലാം അറിഞ്ഞും വാരിക്കോരി കൊടുക്കുന്നവനാണ് എൻറെ സുഹൃത്ത് ഭഗവാൻ കൃഷ്ണൻ . ഇനി എനിക്ക് ആ ഭഗവാൻറെ കാലടികൾ മാത്രമാണ് ശരണം. ഇതെല്ലാം കണ്ടിട്ട് സുധാമാവ് വിതുമ്പി കരഞ്ഞു . ഞാനവിടെ ചെന്നിട്ടും എൻറെ സുഹൃത്തിനോട് ഞാൻ ഒന്നും ചോദിച്ചതുമില്ല. ചോദിക്കാതെ തന്നെ എന്റെ അവസ്ഥ കണ്ട് എല്ലാം എനിക്ക് അറിഞ്ഞു തന്നു എന്റെ ഉറ്റ സുഹൃത്.

ഇതെല്ലാം അറിഞ്ഞപ്പോൾ സുധാമാവിനും പത്നി കല്യാണിക്കും മിഴികളിലൂടെ ആനന്ദ കണ്ണീരൊഴുകുകയായിരുന്നു . അവരുടെ സന്തോഷം കണ്ട് ദ്വാരകയിലിരുന്ന് കൃഷ്ണനെ കാഴ്ചകൾ എല്ലാം കാട്ടിക്കൊടുക്കുകയായിരുന്നു . ഇരുവരും ആ കാഴ്ചകൾ കണ്ടു കണ്ണിമ മയയ്ക്കാതെ നോക്കിക്കൊണ്ടിരുന്നു . ഭഗവാൻറെ ദാനം കുചേലിനും പത്നിയും ഭക്തിയാനന്ദപൂർവ്വം സ്വീകരിച്ചു . ഈ

സുഖങ്ങളെല്ലാം എനിക്ക് ലഭിച്ചത് എൻ്റെ ഭഗവാനും ഉറ്റ സുഹൃത്തുമായ കൃഷ്ണനിൽ നിന്നാണെന്ന് അറിഞ്ഞപ്പോൾ വളരെയധികം സന്തോഷമായി . സദാനേരം കൃഷ്ണ ചിന്തകളോട് ആണ് കുചേലിനും പത്നി കല്യാണിയും കാലം കഴിച്ചത് . താൻ ഒന്നും ചോദിക്കാതെ തന്നെ എൻറെ ഉറ്റ സുഹൃത്ത് എല്ലാം എനിക്ക് അറിഞ്ഞു തന്നിരിക്കുന്നു. എനിക്ക് ഇതിൽ പരം ആനന്ദവും സന്തോഷവും ഒന്നും തന്നെയില്ല .

സദാനേരം കൃഷ്ണനാമം ഉരുവിട്ടായിരുന്നു കുചേലിന്റെ ജീവിതം കഴിഞ്ഞു പോയത്. കുചേലന്റെ എല്ലാ അവസ്ഥയും ഭഗവാൻ കൃഷ്ണൻ അറിയുന്നുണ്ടായിരുന്നു . കുചേലൻ കൃഷ്ണനെ കാണുന്നത് കുറ്റ സുഹൃത്തായിട്ട് മാത്രമല്ല . അദ്ദേഹത്തിൻറെ ഭഗവാൻ കൃഷ്ണൻ തന്നെയാണ് എന്ന് വിചാരിച്ചു ആണ് . കുചേലിനെ അത്രയും പ്രിയപ്പെട്ടതാണ് ഭഗവാൻ കൃഷ്ണൻ . കുചേലൻ എന്ന വാക്ക് ദരിദ്ര പര്യായമായി തീർന്നിരിക്കുന്നു.

# 5.ഭക്തി മാർഗ്ഗങ്ങൾ

മധ്യകാല ഹിന്ദുമതത്തിലെ ഒരു പ്രധാന മത പ്രസ്ഥാനമായിരുന്നു ഭക്തി പ്രസ്ഥാനം. മോക്ഷം നേടുന്നതിനായി ഭക്തി രീതി സ്വീകരിച്ചുകൊണ്ട് സമൂഹത്തിന്റെ എല്ലാ തലങ്ങളിലേക്കും മതപരമായ പരിഷ്കാരങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചു .എ.ഡി. ആറാം നൂറ്റാണ്ടിൽ തമിഴകത്ത് ഉത്ഭവിച്ച ഇത് മധ്യകാല ദക്ഷിണേന്ത്യയുടെ ആദ്യകാലങ്ങളിൽ വൈഷ്ണവ ആൾവന്മാരുടെയും ശൈവ നായനാർമാരുടെയും കവിതകളിലൂടെയും പഠിപ്പിക്കലുകളിലൂടെയും പ്രാധാന്യം നേടി പിന്നീട് വടക്കോട്ട് വ്യാപിച്ചു. പതിനഞ്ചാം നൂറ്റാണ്ട് മുതൽ കിഴക്കും വടക്കേ ഇന്ത്യയിലും വ്യാപിച്ച ഇത്, എ.ഡി. 15 നും 17 നും ഇടയിൽ അതിന്റെ ഉന്നതിയിലെത്തി.

ഭക്തിപ്രസ്ഥാനം നവീകരിച്ചത് ഹിന്ദുയിസം ആണ് . അതിരൂപ കല്പന ചെയ്യാനും സഹായിച്ചു. ഭക്തി പ്രസ്ഥാനം പ്രാദേശികമായി വ്യത്യസ്ത ഹിന്ദു ദേവി ദേവന്മാരെ ചുറ്റിപ്പറ്റിയാണ് വികസിച്ചത്. ഉപവിഭാഗങ്ങൾ വൈഷ്ണവം ( വിഷ്ണു ), ശൈവം ( ശിവൻ ), ശക്തി ( ശക്തി ദേവതകൾ), സ്മാർട്ടിസം എന്നിവയായിരുന്നു . ഭക്തി പ്രസ്ഥാനം പ്രാദേശിക ഭാഷകൾ ഉപയോഗിച്ചാണ് പ്രസംഗിച്ചത്, അങ്ങനെ സന്ദേശം ജനങ്ങളിലേക്ക് എത്തി.നിരവധി കവി-സന്ന്യാസിമാരിൽ നിന്നാണ് ഈ പ്രസ്ഥാനത്തിന് പ്രചോദനമായത് . ഒരാളുടെ ജനനമോ ലിംഗഭേദമോ പരിഗണിക്കാതെ, ആത്മീയതയിലേക്ക് വ്യക്തികേന്ദ്രീകൃതമായ ഒരു ബദൽ പാത നൽകിയതിനാൽ, പരമ്പരാഗതമായി ഈ പ്രസ്ഥാനം ഹിന്ദുമതത്തിൽ സ്വാധീനമുള്ള ഒരു സാമൂഹിക പരിഷ്കരണമായി കണക്കാക്കപ്പെടുന്നു. ഭക്തി പ്രസ്ഥാനം എപ്പോഴെങ്കിലും ഏതെങ്കിലും തരത്തിലുള്ള പരിഷ്കരണമോ കലാപമോ ആയിരുന്നോ എന്ന് സമകാലിക പണ്ഡിതന്മാർ ചോദ്യം ചെയ്യുന്നു. ഭക്തി പ്രസ്ഥാനം പുരാതന

വേദ പാരമ്പര്യങ്ങളുടെ പുനരുജ്ജീവപുനർനിർമ്മാണമായിരുന്നുവെന്ന് അവർ അഭിപ്രായപ്പെടുന്നു .നിരവധി കവി സന്യാസിൽമാരിൽ നിന്നാണ് ഈ ഭക്തിപ്രസ്ഥാനത്തിന് പ്രചോദനമായത് അവരിൽ ചിലർ :- ആണ്ടാൾ , പുരന്ദരദാസ് , മീരാഭായ് , തിരുജ്ഞാന സമ്പന്തർ , തിരുനാവ് കരസർ , സുന്ദരർ , മാണിക്യവാസകർ , ആദിശങ്കർ എന്നിവരാണ് . അന്നത്തെ കാലഘട്ടത്തിലുള്ള അമ്പലങ്ങളിലെ കഥകൾ എളുപ്പത്തിൽ എത്തിക്കാൻ സഹായിച്ചത് നായനാരും ആൾവരും ആയിരുന്നു . അതിൽ തിരുജ്ഞാന സമ്പന്തറും തിരുനാവ് കരസറുമാണ് മുൻഗാമികൾ.

ഭക്തി എന്ന സംസ്കൃത പദം "വിഭജിക്കുക, പങ്കുവയ്ക്കുക, പങ്കുചേരുക, പങ്കെടുക്കുക, ഉൾപ്പെടുക" എന്നർത്ഥമുള്ള ഭജ് എന്ന ധാതുവിൽ നിന്നാണ് ഉരുത്തിരിഞ്ഞത് .ഈ വാക്കിന്റെ അർത്ഥം "ആത്മീയ, മത തത്വം അല്ലെങ്കിൽ രക്ഷാമാർഗ്ഗം എന്ന നിലയിൽ ഒന്നിനോടുള്ള ആസക്തി, ഭക്തി, ഇഷ്ടം, ആദരാഞ്ജലി, വിശ്വാസം അല്ലെങ്കിൽ സ്നേഹം, ആരാധന, ഭക്തി" എന്നാണ്. ഇതിനു വിപരീതമായി, ഭക്തി ആത്മീയമാണ്, മതപരമായ ആശയങ്ങളോടോ തത്വങ്ങളോടോ ഉള്ള സ്നേഹവും ഭക്തിയും, അത് വികാരത്തെയും ബുദ്ധിയെയും ഉൾക്കൊള്ളുന്നു. ഈ സന്ദർഭത്തിൽ സ്നേഹത്തിന്റെ അർത്ഥം വിമർശനാത്മകമല്ലാത്ത വികാരമല്ല, മറിച്ച് പ്രതിബദ്ധതയുള്ള ഇടപെടലാണ്. ഹിന്ദുമതത്തിലെ ഭക്തി പ്രസ്ഥാനം മധ്യകാലഘട്ടത്തിൽ ഒന്നോ അതിലധികമോ ദേവതകളെ ചുറ്റിപ്പറ്റിയുള്ള മതപരമായ ആശയങ്ങളോടുള്ള സ്നേഹത്തെയും ഭക്തിയെയും കുറിച്ചുള്ള ആശയങ്ങളെയും ഇടപെടലുകളെയും സൂചിപ്പിക്കുന്നു. ഭക്തി പ്രസ്ഥാനം ജാതിവ്യവസ്ഥയ്ക്കെതിരെ പ്രസംഗിക്കുകയും പ്രാദേശിക ഭാഷകൾ ഉപയോഗിക്കുകയും അങ്ങനെ സന്ദേശം ജനങ്ങളിലേക്ക് എത്തുകയും ചെയ്തു. ഭക്തി പരിശീലിക്കുന്ന ഒരാളെ ഭക്തൻ എന്ന് വിളിക്കുന്നു . ഭക്തി എന്നാൽ ഒരു ഭക്തന്റെ വ്യക്തിപരമായ ദൈവത്തോടുള്ള ബന്ധത്തെയാണ് കണക്കാക്കുന്നത്. എല്ലാവർക്കും അവരവരുടെ

രീതിയിൽ ഭക്തി ആരാധന തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. ഇതിൽ ഒരു നിയമങ്ങളും ഇല്ലായിരുന്നു. ഭക്തിയുടെ ലക്ഷ്യം മുക്തിയാണ്.

## 5.1 എന്താണ് മാർഗം

ദൈവത്തിനും ഭക്തനും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന പേരാണ് മാർഗ്ഗം. ശൈവ സിദ്ധാന്തത്തിലാണ് ഈ മാർഗങ്ങൾ വരുന്നത്. ഈ മാർഗ്ഗത്തെ നാലായി തിരിച്ചിട്ടുണ്ട്.

. ദാസമാർഗ്ഗം

. സത്പുത്രമാർഗ്ഗം

. സഗ മാർഗ്ഗം

. സന്മാർഗം

## 5.2 ദാസമാർഗ്ഗം

ദൈവത്തെ ഉന്നത പദവിയിലിരിക്കുന്ന യജമാനനായി കാണുന്നു. അതായത് ബാഹ്യമായ ഭക്തി പ്രവൃത്തികളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള സേവന ആചാര്യ അല്ലെങ്കിൽ സേവകന്റെ പാതയാണ് കാണുന്നത് . ഈ മാർഗത്തിലാണ് തിരുനാവു കരസർ

## 5.3 സത്പുത്രമാർഗ്ഗം

ഭക്തൻ ദൈവത്തെ പിതാവായി കാണുന്നു. ആന്തരിക ഭക്തിയുടെ പാത അല്ലെങ്കിൽ ഒരു നല്ല പുത്രൻറെ പാത . ഈ മാർഗ്ഗത്തിലാണ് തിരുജ്ഞാന സമ്പന്തർ

## 5.4 സന്മാർഗം

ദൈവത്തെ ഏറ്റവും ഉന്നത ശക്തിയായി കാണുന്നു. അറിവിൻറെ പാത അല്ലെങ്കിൽ സത്യത്തിന്റെ പാത , പരമ സത്യത്തിലേക്കുള്ള ഏറ്റവും അടുത്തതും നേരിട്ടുള്ളതുമായ പാത. ഈ മാർഗത്തിലാണ് മാണിക്യവാസകർ.

## 5.5 സഗ മാർഗ്ഗം

ദൈവത്തെ സുഹൃത്തായി കാണുന്നു. യോഗയുടെ പാത അല്ലെങ്കിൽ ഒരു നല്ല സുഹൃത്തിൻറെ പാത , രാജ/ അഷ്ടാംഗ യോഗയുടെ പരിശീലനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു . ശിവനെ സുഹൃത്തായി ആരാധിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. ' സഗ മാർഗ്ഗം ' എന്നത് ശിവനെ തോഴനായി കാണുന്നു. ഈ മാർഗത്തിലാണ് സുന്ദരർ. സഗ മാർഗ്ഗം യോഗ പരിശീലിച്ചുകൊണ്ട് ഭക്തി അർപ്പിക്കൽ. സുഹൃത്തുക്കളുടെ പാത എന്നത് യോഗയുടെ രീതിയാണ്, ഇത് രൂപമില്ലാത്തവരുടെ ആന്തരിക ആരാധനയുടെ മറ്റൊരു പേരാണ്.

# ഭക്തി മാർഗത്തിലെ സഗ മാർഗവും കുചേലവൃത്തം വഞ്ചിപ്പാട്ടുമായുള്ള താരതമ്യം

സഗ മാർഗ്ഗത്തെ അടിസ്ഥാനമാക്കിയാണ് എൻറെ പഠനം എടുത്തിരിക്കുന്നത്. അതായത് ദൈവത്തെ സുഹൃത്തായിട്ടാണ് കാണുന്നത് . അത് കുചേല വൃത്ത വഞ്ചിപ്പാട്ടിൽ കുചേലന്റെ ജീവിത സാഹചര്യത്തിൽ കൃഷ്ണൻ ദൈവത്തിന്റെ രൂപത്തിലാണ് സുഹൃത്തായി വന്നിരിക്കുന്ന അവസ്ഥകൾ ആണ് കാണിക്കുന്നത് . ഭഗവാൻ കൃഷ്ണൻ കുചേലൻ്റെ കൂടെ ഗുരുകുലം തുടങ്ങി ഉണ്ട് . ഗുരുകുലം കഴിഞ്ഞു കൃഷ്ണൻ കുചേലനെ പിന്നെ കണ്ടിട്ടില്ല . എന്നാൽ കുചേലൻ്റെ എല്ലാം അവസ്ഥകളും കൃഷ്ണൻ മനസ്സിൽ ആകുന്നുണ്ടായിരുന്നു. ഗുരുകുലത്തിൽ വെച്ച് കൃഷ്ണനും കുചേലനും വിറക് ശേഖരിക്കാൻ വനത്തിൽ പോയ സമയത്ത് നല്ല ഇടിവെട്ടും മഴയും പെയ്തപ്പോൾ കുചേലൻ്റെ പേടി മാറ്റിയത് കൃഷ്ണൻ ആണ്. ഒരുപാട് നാളുകൾക്ക് ശേഷം കുചേലൻ കൃഷ്ണനെ കാണാൻ ദ്വാരകയിൽ ചെന്നപ്പോൾ വളരെ സൗഹൃദത്തിലും സ്വന്തം സുഹൃത്തിനെ നല്ല രീതിയിൽ ആണ് വരവേറ്റത് . കൃഷ്ണൻ കുചേലൻ്റെ എല്ലാം അവസ്ഥകളും |അറിയുന്നുണ്ടായിരുന്നു . കുചേലൻ കൃഷ്ണൻ്റെ അടുത്ത് വന്നപ്പോൾ ഗംഭീരമായ വരവേൽപ്പ് ആണ് കിട്ടിയത് . അത് എല്ലാം കണ്ടിട്ട് കുചേലൻ്റെ അവസ്ഥകൾ പറയാൻ മറന്നു പോയി . പക്ഷേ എല്ലാം അറിയാമായിരുന്നു കൃഷ്ണന് . കുചേലൻ ചോദിക്കാതെ തന്നെ ഭഗവാൻ കൃഷ്ണൻ എല്ലാം കൊടുത്തു . കുചേലൻ്റെ അവസ്ഥകൾ ഒന്നും പറയാതെ തിരിച്ചു വീട്ടിൽ പോയപ്പോൾ കണ്ടത് പഴയ കുടില് അല്ല കൊട്ടാരം പോലെത്തെ വീട് . കുചേലന്റെ ദാരിദ്ര്യവസ്ഥയും ദയനീയ അവസ്ഥയും എല്ലാം മാറിയിരുന്നു. കൃഷ്ണനെ കണ്ടു തിരിച്ചു വീട്ടിലേക്ക് മടങ്ങുമ്പോൾ പഴയ ദരിദ്ര അവസ്ഥകളെല്ലാം മാറി നല്ല രീതിയിൽ ഉള്ള ജീവിതസാഹചര്യം ആയിരുന്നു. ഇതെല്ലാം കുചേലൻ പറയാതെ തന്നെ സുഹൃത്ത് എന്ന നിലയിൽ കൃഷ്ണൻ ചെയ്തു

കൊടുത്തിട്ടുണ്ട്. കുചേലൻ  ദാരിദ്രാവസ്ഥയിൽ ആയിരുന്നിട്ടും എല്ലാത്തിനും കൂടെ നിന്നിട്ടുണ്ട് കൃഷ്ണൻ. കുചേലൻ ചോദിക്കാതെ തന്നെ സുഹൃത്തെന്ന നിലയിൽ എല്ലാ സഹായവും ചെയ്തിട്ടുണ്ട് കൃഷ്ണൻ. അതുകൊണ്ടുതന്നെ കുചേലൻ കൃഷ്ണനെ കാണുന്നത് ദൈവമായിട്ടാണ് . അതുകൊണ്ടുതന്നെ സഗ മാർഗ്ഗം ഇതിൽ വളരെ യോജിച്ചു പോകുന്നുണ്ട് .  കുചേലവൃത്ത വഞ്ചിപ്പാട്ടും ഭക്തിമാർഗത്തിലെ സഗ മാർഗ്ഗവും താരതമ്യം ചെയ്യുമ്പോൾ അതിലെ അവസ്ഥകൾ എല്ലാം ഒരു പോലെ ആണ്. താരതമ്യം ചെയ്യുമ്പോൾ രണ്ട് അവസ്ഥകളും യോജിക്കുന്നുണ്ട്.

രാമപുരത്ത് വാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ടിൽ കുചേലൻ കൃഷ്ണനെ കാണുന്നത് സുഹൃത്ത് എന്നതിൽ ഉപരി ദൈവമായിട്ടാണ് കൃഷ്ണനെ കാണുന്നത്. അതുപോലെ തന്നെ  ഭക്തിമാർഗ്ഗത്തിലെ സഗമാർഗം പറയുന്നത് ദൈവത്തെ സുഹൃത്ത്   പോലെയാണ് കാണുന്നത്. അതുകൊണ്ടുതന്നെ  കുചേല വൃത്ത വഞ്ചിപ്പാട്ട്  സഗ മാർഗ്ഗവും  ചിത്രീകരിച്ചിരിക്കുന്നത് ഒരേ അവസ്ഥയാണെന്ന് നമുക്ക് കാണാൻ കഴിയും. അതുകൊണ്ടുതന്നെ ഇതു ഉചിതമാണെന്ന് പറയാനും കഴിയും.

# 6.ഉപസംഗ്രഹം

രാമപുരത്ത് വാര്യയുടെ രചനയായ കുചേലവൃത്ത വഞ്ചിപ്പാട്ട് എഴുതിയതോടെ മലയാള സാഹിത്യത്തിൽ വളരെ പ്രാധാന്യം നേടിയ കവിയാണ്. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ നിർദ്ദേശപ്രകാരമാണ് ഈ കാവ്യം എഴുതിയത്. അദ്ദേഹം ഇത് നാഥേ നാഥയിൽ കുചേലവൃത്ത വഞ്ചിപ്പാട്ട് എഴുതിയിരിക്കുന്നത് . മാർത്താണ്ഡവർമ്മ രാജാവ് സഞ്ചരിക്കുന്ന ഒരു വള്ളം യാത്രയിലാണ് ഈ കവിത രചിച്ചു വായിച്ചത്.

കൃഷ്ണ ഭക്തനും പഴയ സഹപാഠിയുമായ കുചേലൻ ദ്വാരകയിൽ കാണാൻ പോകുന്ന കഥയാണ് ഇതിൽ ചിത്രീകരിക്കുന്നത്. കുചേലൻ ദരിദ്രാവസ്ഥയിലാണ് കൃഷ്ണനെ കാണാൻ പോകുന്നത്. കുചേലൻ വരുന്നതും കാത്തിരിക്കുകയാണ് കൃഷ്ണൻ. കുചേലന്റെ എല്ലാ അവസ്ഥകളും അറിഞ്ഞിട്ടും അറിയാത്ത വിധത്തിലാണ് കൃഷ്ണൻ ഇരിക്കുന്നത് . തൻറെ ഉറ്റ സുഹൃത്തിനെ കൊടുക്കാൻ അവൽ പൊതി മാത്രമുള്ളു വേറെ ഒന്നുമില്ല എന്ന ചിന്തയിലാണ് കുചേലൻ. ആ ഒരു അവൽ പൊതിയിൽ സംതൃപ്തിയായി കൃഷ്ണനാ അവൽ കഴിക്കുന്നു. ആ സന്തോഷത്തിൽ കൃഷ്ണനെ കണ്ട് തിരിച്ചു മടങ്ങുമ്പോൾ തൻറെ തകർന്ന വീടിന് പകരം കൊട്ടാരം പോലത്തെ വീട് ആയിരുന്നു അവിടെ ഉണ്ടായിരുന്നത്. ഒരു സുഹൃത്ത് എന്ന നിലയിൽ കുചേലിനെ സഹായിക്കുകയായിരുന്നു കൃഷ്ണൻ ചെയ്തത് . കൃഷ്ണനെ കുചേലൻ കണ്ടത് ഒരു ദൈവത്തെ പോലെയാണ്.

ദൈവത്തിനും ഭക്തനും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്നതാണ് മാർഗ്ഗം. ആ മാർഗ്ഗത്തിലെ സഗമാർഗ്ഗം എന്നത് ദൈവത്തെ സുഹൃത്തായാണ് കാണുന്നത്. അതുകൊണ്ടുതന്നെ കുചേല

വൃത്തത്തിലെ വഞ്ചിപ്പാട്ടിലെ കൃഷ്ണന്റെയും കുചേലൻ്റെയും സുഹൃത്തിനെ പറ്റി പറയുന്നത്തിൽ സഗമാർഗം വളരെയധികം യോജിക്കുന്നുണ്ട്. ഇതിൽ കുചേലൻ കൃഷ്ണനെ കാണുന്നത് ദൈവത്തെ സുഹൃത്തായിട്ടാണ്.

എൻറെ പഠനത്തിൽ രാമപുരത്ത് വാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ടിൽ കുചേലൻ കൃഷ്ണനെ കാണുന്ന രീതിയിലുള്ള അതേ അവസ്ഥയാണ് ഭക്തിമാർഗ്ഗത്തിലെ സഗ മാർഗം. ഈ ഭാഗത്തിൽ കുചേലൻ്റെയും കൃഷ്ണന്റെയും സൗഹൃദത്തെ പറ്റി നൃത്തരൂപത്തിൽ പ്രകടനങ്ങൾ സൃഷ്ടിക്കാൻ നർത്തകർക്ക് വളരെയധികം സഹായകരമായിരിക്കും . അതുകൊണ്ടുതന്നെ എൻറെ പഠനത്തിൽ ഉചിതമാണെന്ന് ഞാൻ യോജിക്കുന്നുണ്ട് .

# 7.ഗ്രന്ഥസൂചിക

എൻ്റെ പ്രോജക്ട് ഫയൽ വിജയകരമായി പൂർത്തിയാക്കുന്നതിന് ഞാൻ വെബ്സൈറ്റ് ലിങ്കുകളും ബുക്കുകളിൽ നിന്നും സഹായം സ്വീകരിച്ചിട്ടുണ്ട് . അവ ആണ് ഇത്


ബുക്ക് :- രാമപുരത്ത് വാരിയർ എഴുതിയ കുചേല വൃത്തം ( വഞ്ചിപ്പാട്ട് )

ഇത് ഒമ്പതാം ഡി .ബി. എസ് .പതിപ്പ് 1996 ഡിസംബർ

അച്ചടി :- ദേവി പ്രിന്റിംഗ് , കൊടുങ്ങല്ലൂർ

വെബ്സൈറ്റ് ലിങ്കുകൾ :-

1

https://ml.m.wikipedia.org/wiki/%E0%B4%B0%E0%B4%BE%E0%B4%AE%E0%B4%AA%E0%B5%81%E0%B4%B0%E0%B4%A4%E0%B5%8D%E0%B4%A4%E0%B5%81%E0%B4%B5%E0%B4%BE%E0%B4%B0%E0%B5%8D%E0%B4%AF%E0%B5%BC

2

https://ml.m.wikipedia.org/wiki/%E0%B4%B5%E0%B4%9E%E0%B5%8D%E0%B4%9A%E0%B4%BF%E0%B4%AA%E0%B5%8D%E0%B4%AA%E0%B4%BE%E0%B4%9F%E0%B5%8D%E0%B4%9F%E0%B5%8D

3

https://en.m.wikipedia.org/wiki/Bhakti_movement

4

https://www.reddit.com/r/shaivism/comments/d3pftt/saiva_siddhanta_and_the_four_margas_charyamarga/?rdt=52066